**കേരള സർക്കാർ**

**സംഗ്രഹം**

വനംവന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുവാൻ നൽകിയ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.95/2014/വനം. തിരുവനന്തപുരം, തീയതി, 17.11.2014.

---

പരാമർശം -
1) 01.02.2011 ലെ സ.ഉ.(സാധാ) നം. 04/2011/വനം.
2) 17.06.2011 ലെ സ.ഉ.(സാധാ) നം. 265/2011/വനം.
3) 23.03.2011 ലെ സ.ഉ.(സാധാ) നം. 281/2011/വനം.
4) 31.08.2011 ലെ സ.ഉ.(സാധാ) നം. 392/2011/വനം.
5) 04.08.2012-ലെ സ.ഉ(സാധാ) നം. 399/2012/വനം.
6) 19.03.2013-ലെ സ.ഉ(എം.എസ്) നം. 31/2013/വനം.

**ഉത്തരവ്**

സംസ്ഥാനത്ത് വന്യജീവികൾ കൃഷിസ്ഥലമുൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിൽ ആക്രമണം നടത്തി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവന്ന സാഹചര്യത്തിൽ, മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ മേൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും, വനം വന്യജീവി വിഭാഗം മുഖ്യവനപാലകൻ കൺവീനറായും ഒരു പത്തംഗ സമിതിയെ നിയോഗിച്ചിരുന്നു.

2) ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നികളെ, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക്, നിബന്ധനകൾക്കു വിധേയമായി, വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി, മേൽ പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം മൂന്നിലെ സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിന്മേൽ വന്യജീവി വിഭാഗം മുഖ്യവനപാലകൻ ഉന്നയിച്ച വിഷയങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

4) മേൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നൽകിയിരുന്നത്. വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ക്രോഡീകരിച്ച് 22.06.2012-ന് അവസാനിച്ച പ്രസ്തുത ഉത്തരവിന്റെ കാലാവധി 22.06.2012 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് മേൽ പരാമർശം അഞ്ച് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5) മേൽ പരാമർശം 5-ലെ ഉത്തരവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, പരാമർശം അഞ്ചിലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പരാമർശം-6 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

6) കൃഷിയിടങ്ങളിൽ ഇറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന് കർഷകർ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ മൂലം കർഷകർക്ക് കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെയ്ക്കുന്നതിന് കഴിയുന്നില്ല എന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 6 പ്രകാരമുള്ള ഉത്തരവിലെ 6(1), 6(2) എന്നീ വ്യവസ്ഥകൾ ഇളവ് ചെയ്ത് പരാമർശം 6 പ്രകാരമുള്ള ഉത്തരവിന്റെ തീയതി മുതൽ മൂന്ന് വർഷത്തേക്ക് പ്രാബല്യം നൽകി സർക്കാർ ഇതിനാൽ താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് വെടി വെച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നല്കുന്നു.

(1) കൃഷിയിടത്തിൽ വെച്ച് വേട്ടയാടിയ കാട്ടുപന്നിയെ/കാട്ടുപന്നികളെ ജീവനോടെയോ, അല്ലാതെയോ അധികാരാതിർത്തിയിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ച് കൊടുക്കണം.

(2) വേട്ടയാടുന്നതിന് ഉപയോഗിച്ച ആയുധം സ്വതന്ത്ര സാക്ഷികൾ സഹിതം പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ 24 മണിക്കൂറിനകം ഹാജരാക്കേണ്ടതാണ്.

(3) കാട്ടുപന്നിയെ വെടിവെച്ചു കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

(4) വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

(6) ഇത്തരം കേസ്സുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

(7) എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനേയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും

ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി കാട്ടുപന്നികളെ വെടിവെച്ച് കൊന്നാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്കും കൂടി വിധേയമായിട്ടായിരിക്കും.

1) കയ്യേറിയ റഗുലറൈസ് ചെയ്യപ്പെടാത്ത വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ചു കൊല്ലുവാൻ പാടുള്ളതല്ല.
2) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.
3) ഒരു കാട്ടുപന്നിയെ വെടിവെയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.
4) വെടിവെച്ചു കൊല്ലപ്പെടുന്ന പന്നിയെ വനംവകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.വി.എം.ഗോപാലമേനോൻ,
സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ആസ്ഥാനം, വഴുതയ്ക്കാട് (അറിവിലേക്കായി).
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള. തിരുവനന്തപുരം.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - പൊതുഭരണ (എസ്.സി) വകുപ്പ് (12.11.2014-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിലെ ഇനം നം.5989 പ്രകാരം).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.